**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കുടുംബശ്രീ സംസ്ഥാന മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചുവരുന്ന എറണാകുളം കീഴ്മാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്ക് ആയ ശ്രീ പ്രശാന്ത്. എസ്.വി യുടെ അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 464/2019/തസ്വഭവ.** **തിരുവനന്തപുരം, തീയതി: 28/02/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/Fin സർക്കാർ ഉത്തരവ്
3. 31.08.2017 തീയതിയിലെ സ.ഉ(സാധാ)നം.2970/17/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.09.2018-ലെ 9204/ഇ 1/2017/കെ.എസ്.എച്ച്.ഒ നമ്പർ കത്ത് .

<u>ഉത്തരവ്</u>

എറണാകുളം കീഴ്-മാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായ ശ്രീപ്രശാന്ത്. എസ്.വി-യെ കുടുംബശ്രീ സംസ്ഥാനമിഷൻ ഓഫീസിൽ, ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി **01/09/2018** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **02.09.2018** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(4)** - ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി

**(3)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു എറണാകുളം കീഴ്-മാട് ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലർക്കായ ശ്രീപ്രശാന്ത്. എസ്.വി - യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും മേൽ സർക്കുലറിലെ മാനദണ്ഡങ്ങൾക്കും വിധേയമായി **02.09.2018** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**മിനി.എം.ആർ**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**